# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**01 -10 -2018 to 31-03 -2019**

**വാർഡ് 6 : കണ്ണോത്ത്**

**കൂത്താളി ഗ്രാമപഞ്ചായത്ത്**

**പേരാമ്പ്ര ബ്ലോക്ക്**


**കോഴിക്കോട് ജില്ല**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**

**<u>സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങൾ</u>**

| | |
|---|---|
| ആതിര കെഎം | വില്ലേജ് റിസോഴ്സ് പേഴ്സൺ |
| അമൃതരാജ് കെ. പി | വില്ലേജ് റിസോഴ്സ് പേഴ്സൺ |
| അപർണ കൃഷ്ണൻ | വില്ലേജ് റിസോഴ്സ് പേഴ്സൺ |
| അശ്വനി കെ വൽസൻ | വില്ലേജ് റിസോഴ്സ് പേഴ്സൺ |
| ഷബീന എൻ.പി | വില്ലേജ് റിസോഴ്സ് പേഴ്സൺ |
| രമ്യ വിപി | വില്ലേജ് റിസോഴ്സ് പേഴ്സൺ |

<u>**കൂത്താളി ഗ്രാമപഞ്ചായത്ത്**</u>




പേരാമ്പ്ര ബ്ലോക്കിൽ ഉൾപ്പെടുന്ന കൂത്താളി ഗ്രാമപഞ്ചായത്ത് നല്ല രീതിയിൽ തൊഴിലുറപ്പ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു. പദ്ധതി നടത്തിപ്പിനായി ബ്ലോക്ക് തലത്തിൽ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ, JBDO അക്രെഡിറ്റഡ് എൻജിനീയർ, അക്കൗണ്ടന്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരും അവരുടെ സേവനം ഈ പദ്ധതിക്ക് വേണ്ടി നൽകുന്നു. 2018-2019 സാമ്പത്തിക വർഷത്തിൽ 193636 തൊഴിൽ ദിനങ്ങൾ ഈ പദ്ധതിയിലൂടെ പഞ്ചായത്ത് സൃഷ്ടിക്കുകയും 770 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂലി നഷ്ട പരിഹാരത്തിന് ആരും തന്നെ അപേക്ഷിച്ചിട്ടില്ല

## പഞ്ചായത്തിൻറെ അടിസ്ഥാന വിവരങ്ങൾ

| പഞ്ചായത്തിൻറെ പേര് | കൂത്താളി പഞ്ചായത്ത് |
|---|---|
| വിസ്തീർണ്ണം | 14.13 ച കി മി |
| ജില്ല പഞ്ചായത്ത് | കോഴിക്കോട് |
| ബ്ലോക്ക് പഞ്ചായത്ത് | പേരാമ്പ്ര |
| താലൂക്ക് | കൊയിലാണ്ടി |
| ഉൾപ്പെടുന്ന വാർഡുകൾ | 13 |
| തൊഴിൽ കാർഡ് ഉടമകൾ | 3946 |
| സജീവ തൊഴിലാളികൾ | 3652 |
| നിഷ്ക്രിയ തൊഴിലാളികൾ | 294 |

## പഞ്ചായത്ത് അതിരുകൾ

| | |
|---|---|
| കിഴക്ക് | ചക്കിട്ടപ്പാറ |
| പടിഞ്ഞാറ് | പേരാമ്പ്ര ചങ്ങരോത്ത് പഞ്ചായത്ത് |
| തെക്ക് | പേരാമ്പ്ര കായണ്ണ പഞ്ചായത്തുകൾ |
| വടക്ക് | ചങ്ങരോത്ത് പഞ്ചായത്ത് |

# കൂത്താളി പഞ്ചായത്ത് സ്ഥിതിവിവര കണക്കുകൾ

| | |
|---|---|
| ജില്ല | കോഴിക്കോട് |
| ബ്ലോക്ക് | പേരാമ്പ്ര |
| ജനസംഖ്യ | 13839 |
| പുരുഷന്മാർ | 6923 |
| സ്ത്രീകൾ | 6916 |
| ജനസാന്ദ്രത | 979 |
| സ്ത്രീ : പുരുഷ അനുപാതം | 999 |
| സാക്ഷരത | 91.93% |

# ആമുഖം

ഇന്ത്യയിലെ ഗ്രാമീണ ജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണജനത ബുദ്ധിമുട്ട് അനുഭവിക്കുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിൽ എങ്കിലും ഉറപ്പു വരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിൻറെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ കായികമായ തൊഴിൽ ലഭിക്കുന്നുവെന്നും അതിന് നിർണ്ണയിക്കപ്പെട്ടിട്ടുള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പു വരുത്തുന്നതിന് ഇന്ത്യൻ പാർലമെൻറ് പാസ്സാക്കിയ നിയമം ആണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. 2005 ആഗസ്റ്റ് 23 തിയ്യതിയാണ് പാർലമെൻറ് ഈ നിയമം പാസ്സാക്കുന്നത്.

തൊഴിലും,വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം നിയമപരമായി ഉറപ്പു വരുത്തുവെന്നതാണ് ഈ നിയമത്തിന്റെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനവും തൊഴിലെടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയോ ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു. തൊഴിൽ ആവശ്യപ്പെടുന്ന വർക്ക് 15 ദിവസത്തിനുള്ളിൽ കായികമായി ഏതെങ്കിലും തൊഴിൽ നൽകിയിരിക്കണമെന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ടായിരിക്കും അതുപോലെ എടുത്ത തൊഴിലിന്റെ വേതനം 14 ദിവസത്തിലധികം വൈകിയാൽ വൈകുന്ന ഓരോ ദിവസത്തിനും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട് തൊഴിലോ

തൊഴിലില്ലായ്മ വേതനമോ ഉറപ്പായും ഉറപ്പുവരുത്തുന്നുവെന്നതാണ് തൊഴിലുറപ്പ് നിയമത്തിൻറെ പ്രത്യേകത. ഇന്ത്യയിലെ ഏറ്റവും പിന്നോക്കം ആയ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി 2 ന് ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും,പാലക്കാടും ഈ 200 ജില്ലകളിൽ ഉൾപ്പെട്ടിരുന്നു.2007 മേയ് 15 ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി, കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്.

ആഗോളതലത്തിൽ സവിശേഷത സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശ അധിഷ്ഠിത തൊഴിൽ നിയമം എന്ന നിലയിലും ഗ്രാമീണമേഖലയിൽ ദാരിദ്ര ലഘൂകരണത്തിൽ നിർണ്ണായകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതി എന്നകാര്യം പരിഗണിച്ചും 2009 ഒക്ടോബർ 2ന് കേന്ദ്ര സർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് പുനർനാമകരണം ചെയ്തു.

## മുഖ്യ ലക്ഷ്യങ്ങൾ

- അവിദഗ്ദ്ധ-കായിക തൊഴിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉൽപാദനക്ഷമവുമായ അസ്ഥികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.
- ദരിദ്രരുടെ ഉപജീവസാനവുമായി ബന്ധപ്പെട്ട വിഭാവാടിത്തറ ശക്തിപ്പെടുത്തൽ.
- സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുക.
- പഞ്ചായത്തിരാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

## സവിശേഷതകൾ

- നിയമത്തിന്റെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി.
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാവാം.
- സ്ത്രീക്കും പുരുഷനും തുല്യ വേതനം.
- പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന.
- തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുക ആസൂത്രണ പ്രക്രിയയിൽ പങ്കാളികളാകാനും അവസരം.
- ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത.
- കരാറുകാരോ ഇടനിലക്കാരോ ഇല്ല.
- പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്.
- ബാങ്ക് /പോസ്റ്റ് വഴി മാത്രം വേതന വിതരണം.
- സ്ത്രീകൾക്ക് മുൻഗണന.
- കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം. ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു സോഷ്യൽ ഓഡിറ്റ് ചെയ്യുന്നു. (സോഷ്യൽ ഓഡിറ്റ് സംവിധാനം).
- പരാതി പരിഹാര സംവിധാനം

## രീതിശാസ്ത്രം

* പ്രവർത്തി ഫയലുകൾ, രജിസ്റ്ററുകൾ, പ്രവർത്തി സ്ഥലങ്ങൾ, എം ഐ എസ് എന്നിവ പരിശോധിച്ചു.

*റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ.

*തൊഴിലാളികളുമായി സംവദിച്ചു. തൊഴിൽ കാർഡ്, പാസ് ബുക്ക്, എന്നിവ പരിശോധിച്ചു.

*റിപ്പോർട്ട് എം.ഐ.എസ് ഫോർമാറ്റ് എന്നിവ തയ്യാറാക്കി.

## <u>തൊഴിലാളികൾക്ക് 10 അവകാശങ്ങൾ</u>.

1. തൊഴിൽകാർഡ് ലഭിക്കു വാനുള്ളഅവകാശം
2. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിയ്ക്കുവാനുള്ള അവകാശവും ആയതിന്റെ കൈപ്പറ്റ് രസീത് ലഭിക്കുന്നതിനുമുള്ള അവകാശം.
3.തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിയ്ക്കുവാനുള്ള അവകാശം,
4. ഷെൽഫ് ഓഫ് പ്രോജക്റ്റ് തയ്യാറാക്കുവാനുള്ള അവകാശം, .
5. 5 കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിയ്ക്കുവാനുള്ള അവകാശം, അല്ലെങ്കിൽ (വേതനത്തിന്റെ 10 ശതമാനം അധികം)
6. കുടിവെള്ളം, വിശ്രമസൗകര്യം, പ്രഥമ ശുശ്രൂഷാ സൗകര്യം ഇവ ലഭിയ്ക്കുന്നതിനുള്ള അവകാശം
തൊഴിലിടങ്ങളിലെ സൗകര്യങ്ങള്

15 .7ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം

.8 വേതനവിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിയ്ക്കുവാനുള്ള അവകാശം,

9. സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം,
10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം

**അവകാശങ്ങളുമായി ബന്ധപ്പെട്ട തൊഴിലാളികളിൽ നിന്ന് ചോദിച്ചറിഞ്ഞ വിവരങ്ങൾ**

*** തൊഴിൽ കാർഡ്**

സജീവ തൊഴിലാളികൾക്ക് പുതിയ തൊഴിൽ കാർഡ് ലഭിച്ചിട്ടില്ല. എല്ലാവരും തൊഴിൽ കാർഡിലേക്ക് ആവശ്യമായ ഫോട്ടോ തൊഴിലാളികൾ സ്വന്തമായി പൈസ ചിലവഴിച്ച് എടുക്കാറാണ്. തൊഴിലാളികളുടെ തൊഴിൽ കാർഡിലേക്ക് ഫോട്ടോ പഞ്ചായത്ത് നിന്ന് എടുത്തു കൊടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നത് നല്ലതായിരിക്കും.

***തൊഴിൽ അപേക്ഷ**

പൊതു പ്രവർത്തികൾക്കായി തൊഴിലാളികൾ വ്യക്തിപരമായി അപേക്ഷ നൽകാറുണ്ട് എന്ന് മനസ്സിലായി. തൊഴിൽ അപേക്ഷിച്ച് 14 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാറുണ്ട് എന്ന് തൊഴിലാളികളിൽ നിന്നും മനസ്സിലായി.

*** കൂലി നഷ്ടപരിഹാരം**

തൊഴിലുറപ്പ് നിയമപ്രകാരം പ്രവർത്തി കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കേണ്ട അവകാശം തൊഴിലാളികൾക്ക് ഉണ്ട്. ഈ പ്രവർത്തിയുടെ വേതനം തൊഴിലാളികൾക്ക് ലഭിച്ചിട്ടുണ്ട്.

*** തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ**

കുടിക്കാനുള്ള വെള്ളം വിശ്രമ സൗകര്യം പ്രഥമശുശ്രൂഷ സൗകര്യം ക്രഷ് എന്നിവ തൊഴിൽ സ്ഥലത്ത് ലഭ്യമാക്കണമെന്ന് തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ 2 23 28 കേന്ദ്ര വാർഷിക മാസ്റ്റർ സർക്കുലർ 8, 8.2 അനുശാസിക്കുന്നുണ്ട്. തെഴിലാളികളുമായി നേരിട്ട് നടത്തിയ സംഭാഷണത്തിനിടയിൽ പ്രവർത്തി സ്ഥലങ്ങളിൽ സൗകര്യങ്ങൾ ഒന്നും തന്നെ ലഭിക്കാറില്ല എന്നാണ്. തൊഴിലാളികൾ തന്നെ കുടിവെള്ളം കൊണ്ടുവരുന്നതാണ് അറിയാൻ കഴിഞ്ഞത്. പ്രഥമശുശ്രൂഷ കിറ്റുകൾ, തണൽ എന്നിവ പണി സ്ഥലങ്ങളിൽ ലഭിച്ചിട്ടില്ല.

*** ചികിത്സാസഹായം**

തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ രണ്ടിൽ 5 കേന്ദ്ര വാർഷിക സർക്കുലർ 9 പ്രകാരവും സ്ത്രീകൾക്ക് തൊഴിൽ സ്ഥലത്ത് വെച്ച് അപകടം സംഭവിച്ചാൽ സഹായം ഉറപ്പുവരുത്തേണ്ടതാണ്.

*** ഷെൽഫ് പ്രൊജക്ട് തയ്യാറാക്കാനുള്ള അവകാശം**

ഷെൽഫ് ഓഫ് വർക്കിൽ തൊഴിലാളികളുടെ പങ്കാളിത്തം ഉണ്ടാകാറില്ല. അഞ്ചു കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം. സമയബന്ധിതമായി ഉള്ള പരാതി പരിഹാരത്തിന് ഉള്ള അവകാശം. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം. തൊഴിലുറപ്പ് നിയമം സെക്ഷൻ 17(2)തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് നടത്തുവാനുള്ള അവകാശം നൽകുന്നു.

<u>പ്രവർത്തി സംബന്ധിച്ച വിശദാംശങ്ങൾ</u>

1) കല്ല് കയ്യാല നിർമ്മാണം കണ്ണോത്ത് ഭാഗം 4

1604009005/WC/330588

2) തോട് നവീകരണം കണ്ണോത്ത്

1604009005/WH/320085

3) മണ്ണ് കയ്യാല കണ്ണോത്ത് ഭാഗം 2

1604009005/WC/328578

4)കല്ല് കയ്യാല കണ്ണോത്ത് ഭാഗം 3

1604009005/WC/330586

5)കയ്യാല നിർമ്മാണം കണ്ണോത്ത് 1

1604009005/WC/328495

6) കല്ല് കയ്യാല കണ്ണോത്ത് ഭാഗം 1

1604009005/WC/329864

7)മണ്ണ് കയ്യാല കണ്ണോത്ത് 3

16040009005/WC/329811

8)കമ്പോസ്റ്റ് പിറ്റ് നിർമ്മാണം കണ്ണോത്ത് 1

1604009005/WC/341164

9)മണ്ണ് കയ്യാല നിർമ്മാണം 4

1604009005/WC/329812

10)മൺ ബണ്ട് നിർമ്മാണം കണ്ണോത്ത് 6

1604009005/IF/301271

11) കല്ല്  കയ്യാല  നിർമ്മാണം  കണ്ണോത്ത്  2

1604009005/WC/329865

12)കുറ്റിയാടി  ഇറിഗേഷൻ

1604009005/IC/321284

| ക്രമ നമ്പർ | വർക്ക് കോഡ് | പ്രവർത്തിയുടെ പേര് | പ്രവർത്തിയുടെ സ്ഥിതി | അടങ്കൽ തുക | ലഭിച്ച തൊഴിൽ ദിനങ്ങൾ | ആകെ വേതനം | സാധന ഘടകം |
|---|---|---|---|---|---|---|---|
| 1 | 1604009005/WC/330588 | കല്ല് കയ്യാല നിർമ്മാണം കണ്ണോത്ത് ഭാഗം 4 | completed | 300000 | 1078 | 292138 | 2028 |
| 2 | 1604009005/WH/320085 | തോട് നവീകരണം കണ്ണോത്ത് | completed | 250000 | 579 | 156909 | 1056 |
| 3 | 1604009005/WC/328578 | മണ്ണ് കയ്യാല കണ്ണോത്ത് ഭാഗം 2 | completed | 200000 | 655 | 177505 | 1310 |
| 4 | 1604009005/WC/330586 | കല്ല് കയ്യാല കണ്ണോത്ത് ഭാഗം 3 | completed | 300000 | 926 | 250946 | 1856 |
| 5 | 1604009005/WC/328495 | കയ്യാല നിർമ്മാണം കണ്ണോത്ത് 1 | completed | 300000 | 1074 | 291054 | 2118 |
| 6 | 1604009005/WC/329864 | കല്ല് കയ്യാല കണ്ണോത്ത് ഭാഗം 1 | completed | 300000 | 925 | 250675 | 1634 |
| 7 | 16040009005/WC/329811 | മണ്ണ് കയ്യാല കണ്ണോത്ത് 3 | completed | 250000 | 876 | 237396 | 1752 |
| | | | | | | | |
| 8 | 1604009005/WC/341164 | കമ്പോസ്റ്റ് പിറ്റ് നിർമ്മാണം കണ്ണോത്ത് 1 | completed | 300000 | 958 | 259618 | 1916 |
| 9 | 1604009005/WC/329812 | മണ്ണ് കയ്യാല നിർമ്മാണം | completed | 250000 | 894 | 242274 | 1788 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 4 | | | | | |
| 10 | 1604009005/IF/ 301271 | മൺ ബണ്ട് നിർമ്മാണം കണ്ണോത്ത് 6 | completed | 300000 | 903 | 244713 | 1806 |
| 11 | 1604009005/W C/329865 | കല്ല് കയ്യാല നിർമ്മാണം കണ്ണോത്ത് 2 | completed | 300000 | 1042 | 282382 | 1866 |
| 12 | 1604009005/IC/ 321284 | കുറ്റിയാടി ഇറിഗേഷൻ | completed | 261900 | 909 | 246339 | 678 |

## കല്ല് കയ്യാല നിർമ്മാണം കണ്ണോത്ത് ഭാഗം -4

വർക്ക്കോഡ്: 16040005/WC/330588

പ്രവർത്തി നടന്നത് 28/11/18 മുതൽ 16/12/18 വരെ ആയിരുന്നു. മൂന്ന് ഘട്ടങ്ങളിലായി 23 മാസ്റ്റർ റോളുകളിൽ 74 തൊഴിലാളികൾ 17 ദിവസങ്ങളിലായി 1078 തൊഴിൽ ദിനം സൃഷ്ടിച്ചു. അടങ്കൽ തുകയായി 30000 രൂപ അനുവദിച്ച ഈ പ്രവർത്തി വേതന ഇനത്തിൽ 292138 രൂപയും വാടകയിനത്തിൽ 2028 രൂപയും ചെലവഴിച്ചു. സജീവ തൊഴിലാളികളുടെ സ്ഥലങ്ങളിൽ പ്രവർത്തി അധികവും നടന്നിരിക്കുന്നത്. ഉടമകൾ എല്ലാം തൊഴിൽകാർഡ് ഉണ്ടായിരുന്നു. ആവർത്തന സ്വഭാവമുള്ള പ്രവൃത്തിയായിരുന്നു. തൊഴിലാളികൾക്ക് പ്രവൃത്തി നൽകുവാൻ വേണ്ടി നൽകിയ പ്രവർത്തിയായി തോന്നി. എല്ലാ തൊഴിലാളികൾക്കും ഈ പ്രവൃത്തിയുടെ വേതനം ലഭിച്ചിട്ടുണ്ട്. രാധ ചാലപറമ്പിൽ (KL-04-009-005 -006-117) എന്ന ഉടമയുടെ വീട്ടിൽ നല്ലരീതിയിൽ പ്രവർത്തി കണ്ടു. മെഷർമെൻറ് ബുക്ക് പ്രകാരം 2494.77മീറ്റർ കാണാൻ കഴിഞ്ഞു. എന്നാൽ പരിശോധനയിൽ 1800 മാത്രമേ കാണാൻ സാധിച്ചുള്ളൂ. ബാക്കി ഭാഗങ്ങൾ കാട് പിടിച്ച നിലയിൽ അളക്കാൻ കഴിയാത്ത അവസ്ഥയിലായിരുന്നു.

## തോട് നവീകരണം കണ്ണോത്ത്

വർക്ക് കോഡ് 1604009005/WH/320085 പ്രവർത്തി നടന്നത് 25 /12 /18 മുതൽ 30 /12 /18 വരെ രണ്ട് ഘട്ടങ്ങളായി 22 മാസ്റ്ററോളുകളിൽ 108 തൊഴിലാളികൾ 9 ദിവസങ്ങളിലായി 579 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. അടങ്കൽ തുകയായി 250000 രൂപ അനുവദിച്ച ഈ പ്രവർത്തിക്കി വേതന ഇനത്തിൽ 156909 രൂപയും വാടകയിനത്തിൽ 1056 രൂപയും ചിലവഴിച്ചു. മെഷർമെൻറ് ബുക്ക് പ്രകാരം നീളം 3377.21 മീറ്റർ ആണ് ഉള്ളത്. 2832 മീറ്റർ നീളം വരെ സൈറ്റ് സന്ദർശിച്ചപ്പോൾ അളക്കാൻ സാധിച്ചു. ബാക്കി ഭാഗങ്ങൾ മണ്ണിടിഞ്ഞ് വീണും പുല്ല് നിറഞ്ഞ് മൂടിയ നിലയിലുമാണ് കാണാൻ കഴിഞ്ഞത്. ഈ പ്രവർത്തി കാടുവെട്ടിത്തെളിച്ച് മണ്ണെടുത്ത് ജലസേചന യോജ്യമാക്കുന്ന രീതിയിൽ തന്നെയാണ് നടത്തിയത് ഈ വർഷത്തെ പ്രളയം കാരണം ആണ് ഇങ്ങനെ ചെളി നിറഞ്ഞ് തോട് മൂടി പോയത്. ചില ഭാഗങ്ങളൊക്കെ ചൂടി പായവിരിച്ച് മണ്ണൊലിപ്പ് തടയാൻ സൗകര്യം ഏർപ്പെടുത്തിയിരുന്നു. ഈ ഒരു ഫീൽഡ് പരിശോധനയെ തുടർന്ന് നടത്തിയ തൊഴിലാളികളുമായുള്ള കൂടിക്കാഴ്ചയിൽ മനസ്സിലാക്കാൻ സാധിച്ചത്, തോടിലെ ചെളി കോരിയെടുക്കുന്ന സമയത്ത് അപ്പോൾ ഉപയോഗിക്കേണ്ട ഡെറ്റോളോ മറ്റ് പ്രഥമശുശ്രൂഷ കിറ്റ്കളോ ഒന്നും തന്നെ ലഭിച്ചിരുന്നില്ല. അതുപോലെതന്നെ തണൽ സൗകര്യം ഒന്നും തന്നെ ഇല്ലായിരുന്നു. പക്ഷേ കുടിവെള്ള സൗകര്യം മേറ്റായ ശ്രീജ സുരേഷ്(KL-04-009-005-006/4)ഏർപ്പെടുത്തിയിരുന്നു എന്നാണ് അറിയാൻ കഴിഞ്ഞത്.

## മണ്ണ് കയ്യാല കണ്ണോത്ത് ഭാഗം 2

വർക്ക് കോഡ് :1604009005/WC/328578

പ്രവർത്തി 24/10/2018 ന് തുടങ്ങി 6/11/2018 അവസാനിക്കുന്ന രീതിയിൽ ആയിരുന്നു. 16 മാസ്റ്ററോളുകളിൽ 2 ഘട്ടങ്ങളിലായി 73 തൊഴിലാളികൾ 12 ദിവസങ്ങളിലായി 655 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. അടങ്കൽ തുകയായി 250000 രൂപ അനിവദിച്ച ഈ പ്രവർത്തിക്ക് വേതന ഇനത്തിൽ 177505 രൂപയും പണി ആയുധ

വാടക ഇനത്തിൽ 1310 രൂപയും ചിലവഴിച്ചു. മെഷർമെന്റ് ബുക്ക് പ്രകാരം കയ്യാലയുടെ നീളം 2236.08 മീറ്റർ ആണ് ഉള്ളത്.മൊത്തം 16 ഭൂഉടമകൾ ആണ് അപേക്ഷ നൽകിയത്. അവിടെയും, അതുകൂടാതെ സജീവ തൊഴിലാളികളുടെ വീട്ടിലും പ്രവർത്തി ചെയ്തതായി കാണാൻ കഴിഞ്ഞു. സൈറ്റ് സന്ദർശിച്ചപ്പോൾ 2123 മീറ്റർ നീളം വരെ അളക്കാൻ കഴിഞ്ഞു . ബാക്കി ഭാഗങ്ങൾ കാടുപിടിച്ച അവസ്ഥയിലാണ്. നാരായണി (KL-04-009-005-006/33) എന്ന ആളുടെ വീട്ടിൽ നല്ല പ്രവർത്തി കാണാൻ കഴിഞ്ഞു. പ്രവർത്തികൾ ചിലത് നശിച്ചെങ്കിലും നല്ല രീതിയിൽ ചെയ്തിരുന്നു. സൈറ്റ് സന്ദർശനത്തിലൂടെ തൊഴിലാളികളിളോട് സംസാരിച്ചപ്പോൾ മനസിലാക്കാൻ കഴിഞ്ഞത്, തൊഴിലാളികൾ തൊഴിൽ കാർഡിനുള്ള ഫോട്ടോ സ്വന്തം കയ്യിൽ നിന്ന് പണം ചിലവഴിച്ചാണ് എടുക്കാറ്. അതുപോലെ തന്നെ തൊഴിലാളികൾക്ക് പ്രഥമ ശുശ്രുഷ കിറ്റ് ലഭിച്ചിരുന്നില്ല എന്നും മനസ്സിലാക്കാൻ കഴിഞ്ഞു. കുടി വെള്ളം തൊഴിലാളികൾ വീട്ടിൽ നിന്നാണ് കൊണ്ട് വരാറുള്ളത്. കൂലി ഏറെ വൈകി ലഭിക്കുന്നതാണ് അവരുടെ പ്രധാന പ്രശ്നം. അതുപോലെ വി.എം.സി അംഗങ്ങൾ ആരും തന്നെ സൈറ്റ് സന്ദർശനത്തിന് വരാറില്ല എന്നും സൈറ്റ് ഡയറിയിൽ ഒപ്പ് രേഖപ്പെടുത്താൻ അവരുടെ അടുത്ത് ചെല്ലാറാണ് പതിവ് എന്നും മനസ്സിലാക്കാൻ കഴിഞ്ഞു.

## <u>കല്ല് കയ്യാല നിർമ്മാണം കണ്ണോത്ത് ഭാഗം 3</u>

വർക്ക് കോഡ് :1604009005/WC/330586

പ്രവർത്തി നടന്നത് 28/11/2018 മുതൽ 16/12/201 8 വരെ ആയിരുന്നു. മൂന്ന് ഘട്ടങ്ങളിലായി 23 മസ്റ്ററോളുകളിലായി നടന്ന പ്രവർത്തി ആയിരുന്നു ഇത്. 69 തൊഴിലാളികൾ 17 ദിവസങ്ങളിലായി 926 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. അടങ്കൽ തുകയായി 300000 രൂപ അനുവദിച്ച ഈ പ്രവർത്തിക്ക് വേതന ഇനത്തിൽ 2509946 രൂപയും വാടകയിനത്തിൽ 1856 രൂപയും ചെലവഴിച്ചു.ആകെ 15 ഭൂഉടമയുടെ അപേക്ഷ ആയിരുന്നു ഫയലിൽ കാണാൻ കഴിഞ്ഞത്. എല്ലാ ഭൂഉടമയുടെ വീട്ടിലും, സജീവ തൊഴിലാളികളുടെ സ്ഥലങ്ങളിലാണ് പ്രവർത്തി അധികവും നടന്നത്. പ്രവർത്തി സ്ഥലം പരിശോധനയിൽ മനസ്സിലായത് എല്ലാതൊഴിലാളികൾക്കും ഈ പ്രവർത്തിയുടെ

വേതനം ലഭിച്ചിട്ടുണ്ടെന്നാണ്. മെഷർമെന്റ് ബുക്ക് പ്രകാരം വ്യത്യസ്ത ഭൂഉടമകുളുടെ പ്രദേശത്ത് 2137.67 മീറ്റർ കയ്യാല ആണ് ഉള്ളത്.എന്നാൽ 1677 മീറ്റർ ആണ് ഞങ്ങൾക്ക് അളക്കാൻ കഴിഞ്ഞത്. ബാക്കി ഭാഗം അളക്കാൻ കഴിയാത്ത അവസ്ഥയിൽ ആയിരുന്നു.പുഷ്പലത പേരാമ്പ്ര കുന്നുമ്മൽ (KL- 04-009-005-006/17) എന്ന ആളുടെ സ്ഥലത്ത് നല്ലരീതിയിൽ പ്രവർത്തി കാണാൻ സാധിച്ചു

.

## കയ്യാല നിർമ്മാണം കണ്ണോത്ത് 1

വർക്ക് കോഡ് :1604009005/WC/328495പ്രവർത്തി 17/10/2018 മുതൽ 6/11/2018 ന് അവസാനിച്ചു 3 ഘട്ടങ്ങളിലായി 24 മസ്റ്ററോളുകളിൽ ആയി നടന്ന പ്രവർത്തി ആയിരുന്നു ഇത്. 73 തൊഴിലാളികൾ 15 ദിവസങ്ങളിലായി 1074 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. 3,00,000 രൂപ അനുവദിച്ച ഈ പ്രവർത്തിക്ക് വേതന ഇനത്തിൽ 291054 രൂപയും പണിയായുധ വാടകയിനത്തിൽ 2118 രൂപയും ചെലവഴിച്ചു. മെഷർമെൻറ് ബുക്ക് പ്രകാരം 3275.016 മീറ്റർ കയ്യാല ആണ് ഉള്ളത്. അതിൽ സൈറ്റ് പരിശോധനയിൽ 2695 മീറ്റർ അളക്കാൻ കഴിഞ്ഞു.ബാക്കി ഭാഗം കാട് പിടിച്ച് അളക്കാൻ കഴിയാത്ത അവസ്ഥയിൽ ആയിരുന്നു.ശക്തമായ മഴയിൽ നശിച്ചതായാണ് ഭൂ ഉടമകളിൽ നിന്ന് അറിയാൻ കഴിഞ്ഞ്. ആകെ 10 ഭൂ ഉടമയുടെ അപേക്ഷ ആയിരുന്നു ഉള്ളത് അവിടെയെല്ലാം പ്രവർത്തി ചെയ്തതായി കാണാൻ സാധിച്ചു . പ്രവർത്തി സ്ഥല സന്ദർശനവേളയിൽ ഭൂഉടമകളിൽ നിന്ന് അറിയാൻ കഴിഞ്ഞത് ആവർത്തന സ്വഭാവമുള്ള പ്രവർത്തിയാണ് കുറേ കാലങ്ങളായി ഇവരുടെ സ്ഥലങ്ങളിൽ നടക്കുന്നതെന്നും അതിനാൽ കാലാവസ്ഥയ്ക്കനുസൃതമായ ഗുണ നിലവാരമുള്ള പ്രവർത്തികൾ ചെയ്യണമെന്നും നിർദ്ദേശിച്ചു. പാത്തുമ്മ കണ്ണോത്ത് (KL-04-009-005-006/22)എന്ന ഭൂ ഉടമയുടെ സ്ഥലത്ത് 60 മീറ്റർ കയ്യാല ഇടിഞ്ഞ നിലയിലായിരുന്നു.

## കല്ല് കയ്യാല നിർമാണം കണ്ണോത്ത് ഭാഗം -1

വർക്ക് കോഡ് : 1604009005/WC/329864

പ്രവൃത്തി 28/11/18 മുതൽ 16/12/18 വരെ 3ഘട്ടങ്ങളിൽ ആയി 23 മാസ്റ്റർ റോളുകളിലായി 70 തൊഴിലാളികൾ 17 ദിവസങ്ങളിലായി 925 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. വേതന ഇനത്തിൽ 250675 രൂപയും പണി ആയുധ ഇനത്തിൽ 1634 രൂപയും ചിലവഴിച്ചു. അടങ്കൽ തുകയായി 300000 ആയിരുന്നു. ഫയൽ പരിശോധനയിൽ 13 ഭൂഉടമകളുടെ അപേക്ഷ ആയിരുന്നു ഉണ്ടായിരുന്നത്, പ്രവൃത്തി സ്ഥലപരിശോധനയിൽ ആ 13 ഭൂഉടമകളുടെ വീട്ടിലും സജീവ തൊഴിലാളികളികളുടെ വീടുകളിലും പ്രവൃത്തി കാണാൻ കഴിഞ്ഞു. എല്ലാ തൊഴിലാളികൾക്കും ഈ പ്രവൃത്തിയുടെ വേതനം ലഭിച്ചിട്ടുണ്ട്. ഭൂഉടമകൾക്കെല്ലാം തൊഴിൽ കാർഡ് ഉണ്ടായിരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പ് സാങ്കേതിക ഉദ്യോഗസ്ഥർ പ്രവൃത്തി സ്ഥലം സന്ദർശിക്കാറില്ല. വാർഡിലെ മേറ്റുമാർ ഭൂഉടമകളിൽ നിന്ന് അപേക്ഷ വാങ്ങി പഞ്ചായത്തിൽ എത്തിച്ചു കൊടുക്കാനാണ്.

നിഷ (KL-04-009-005-006-153) എന്ന ഭൂഉടമയുടെ വീട്ടിൽ കല്ല് കയ്യാല ഇടിഞ്ഞ നിലയിൽ കാണാൻ കഴിഞ്ഞു. മെഷർമെന്റ് ബുക്ക് പ്രകാരം 2346.34 മീറ്റർ ഉള്ളത്, എന്നാൽ പ്രവൃത്തി സ്ഥല പരിശോധനയിൽ അളക്കാൻ കഴിഞ്ഞത് 2000 മീറ്റർ ആണ്. ബാക്കി ഭാഗം കാട് പിടിച്ച നിലയിലും ഇടിഞ്ഞ നിലയിലും ആയിരുന്നു. കാർത്യായാനി അമ്മ (KL-04-009-005-006-245)എന്ന ഭൂഉടമയുടെ വീട്ടിൽ നല്ല പ്രവൃത്തി കാണാൻ കഴിഞ്ഞു.

## മണ്ണ് കയ്യാല കണ്ണോത്ത് ഭാഗം -3

വർക്ക് കോഡ് :1604009005/WH/329811

പ്രവർത്തി നടന്നത് 17/10/18 മുതൽ 6/11/18 വരെ മൂന്നു ഘട്ടങ്ങളിൽ ആയി 21 മസ്റ്ററോളുകളിൽ 69 തൊഴിലാളികൾ 16 ദിവസങ്ങളിലായി 876 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. അടങ്കൽ തുക ആയി 25000 രൂപ അനുവദിച്ച ഈ പ്രവർത്തി വേതന ഇനത്തിൽ 237396 രൂപയും ആയുധ വാടക 1752 രൂപയും ചെലവഴിച്ചു. സ്ഥല പരിശോധനയിൽ മെഷർമെൻറ് ബുക്ക് പ്രകാരം 130 2.3215 മീറ്റർ ആണ് ഉള്ളത്. എന്നാൽ ഞങ്ങൾക്ക് അളക്കാൻ കഴിഞ്ഞത് 9 68 മീറ്റർ വരെയാണ്. ശാന്ത പേരാമ്പ്ര കുന്നുമ്മൽ( KL-04 -009- 005 -006/223 )എന്ന ആളുടെ സ്ഥലത്ത് നല്ല പ്രവർത്തി കാണാൻ സാധിച്ചു. നാരായണി പേരാമ്പ്ര

കുന്നുമ്മൽ(KL -04-009 -005-006-52) ശ്രീനിവാസൻ പേരാമ്പ്രകുന്നുമ്മൽ(KL-04-009-005-006-372) എന്നിവരുടെ വീടുകളിൽ 5, 8 മീറ്റർ എന്ന തോതിൽ ഇടിഞ്ഞു പോയതായും കാണാൻ കഴിഞ്ഞു. കുറേ ഏറെ ഭാഗങ്ങൾ അളക്കാൻ പറ്റാത്ത രീതിയിൽ കാടുമൂടി കയ്യാലകൾ മനസ്സിലാക്കാൻ കഴിയാത്ത രീതിയിൽ ആയിരുന്നു.

## കമ്പോസ്റ്റ് പിറ്റ് നിർമാണം കണ്ണോത്ത് -1

വർക്ക് കോഡ് : 1604009005/WC/341164

പ്രവൃത്തി 22/2/19 മുതൽ 15/3/19 വരെ 4 ഘട്ടങ്ങളിൽ ആയി 27 മസ്റ്റർറോളുകളിൽ 67 തൊഴിലാളികൾ 19 ദിവസങ്ങളിൽ ആയി 958 തൊഴിൽ ദിനം സൃഷ്ടിച്ചു. അടങ്കൽ തുക ആയി 300000 രൂപ അനുവദിച്ച ഈ പ്രവൃത്തിയിൽ വേതന ഇനത്തിൽ 259618 രൂപയും വാടക ഇനത്തിൽ 1916 രൂപയും ചിലവഴിച്ചു. ഈ ഒരു പ്രവൃത്തിയോട് കൂടി 18 പേർക്ക് 100 പണി തികഞ്ഞതായി കാണാൻ കഴിഞ്ഞു. പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ മനസിലാക്കാൻ കഴിഞ്ഞത്, വാർഡിലെ വിവിധ ഭൂഉടമകളുടെ (50) സ്ഥലങ്ങളിൽ ആണ് കമ്പോസ്റ്റ് നിർമ്മിച്ചിരിക്കുന്നത്. അമ്മാളു പേരാമ്പ്ര കുന്നുമ്മൽ (KL-04-009-005-006/330)എന്ന തൊഴിലാളിയുടെ വീട്ടിൽ മണ്ണ് ഇടിഞ്ഞ നിലയിൽ ആണ് കാണാൻ കഴിഞ്ഞത്. മെഷർമെന്റ് ബുക്ക് പ്രകാരം 124 കുഴികൾ ആണ് എന്നാൽ പ്രവൃത്തി സ്ഥലപരിശോധനയിൽ 120 കുഴികൾ മാത്രം ആണ് കാണാൻ സാധിച്ചത്. 20 ഭൂഉടമകളുടെ വീട്ടിലും സജീവ തൊഴിലാളികളുടെ വീടുകളിലും പ്രവൃത്തി നടന്നത്. ജാനകി പേരാമ്പ്ര കുന്നുമ്മൽ (KL-04-009-005-006/169), ശോഭ(KL-04-009-005-006/174) എന്നിവരുടെ വീട്ടിൽ ഭാഗീകമായി മൂടിയ നിലയിൽ കാണാൻ കഴിഞ്ഞു

## മണ്ണ് കയ്യാല നിർമ്മാണം കണ്ണോത്ത് ഭാഗം 4

വർക്ക് കോഡ് : 1604009005/WC/329812 പ്രവർത്തി 17/10/18 തുടങ്ങി 6/11/18 ന് അവസാനിച്ചു. 3 ഘട്ടങ്ങളിലായി 21 മസ്റ്ററോളുകളിലായി നടന്ന പ്രവർത്തി ആയിരുന്നു ഇത്. 68 തൊഴിലാളികൾ 15

ദിവസങ്ങളിലായി 894 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. 2,50,000 രൂപ അനുവദിച്ച ഈ പ്രവർത്തിക്ക് വേതന ഇനത്തിൽ 242274 രൂപയും പണിയായുധ വാടകയിനത്തിൽ 1788 രൂപയും ചിലവഴിച്ചു. മെഷർമെൻറ് ബുക്ക് പ്രകാരം വ്യത്യസ്ത ഭൂവുടമകളുടെ പ്രദേശത്ത് 2271.94 മീറ്റർ നീളത്തിൽ ആണ് നിർമ്മിച്ചത്. അതിൽ സൈറ്റ് സന്ദർശനത്തിൽ അള ക്കാൻ കഴിഞ്ഞത് 2171 മീറ്റർ ആണ്. ബാക്കി ഭാഗം കാട് നിറഞ്ഞതും, ഇടിഞ്ഞ നിലയിലും ആണ് കാണാൻ കഴിഞ്ഞത്. ആകെ 18 ഭൂഉടമയുടെ അപേക്ഷ ഉണ്ടായിരുന്നു. അവിടെ എല്ലാം പ്രവർത്തി ചെയ്തിട്ടുണ്ട്. ബാലൻ കണ്ണിപ്പൊയിൽ എന്ന ഭൂ ഉടമയുടെ സ്ഥലത്ത് കയ്യാല ഭാഗികമായി ഇടിഞ്ഞ നിലയിലാണ് കാണാൻ കഴിഞ്ഞത്. കണ്ണിപ്പൊയിൽ മനോജൻ എന്ന ഭൂഉടമയുടെ സ്ഥലത്ത് മണ്ണ് കയ്യാല മഴക്കെടുതിയിൽ പൂർണ്ണമായും നശിച്ചു എന്ന് അറിയാൻ സാധിച്ചു.

## **<u>മൺബണ്ട് നിർമ്മാണം കണ്ണോത്ത് 6</u>**

വർക്ക് കോഡ് :1604009005/IF/301271

പ്രവർത്തി 6/10/18 ന് അവസാനിച്ചു. 1 ഘട്ടത്തിൽ 21 മസ്റ്റർറോളുകളിൽ ആയി 209 തൊഴിലാളികൾ 5 ദിവസങ്ങളിലായി 903 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. അടങ്കൽ തുകയായി 30000 രൂപ അനുവദിച്ച ഈ പ്രവർത്തിക്ക് 244713 രൂപയും വാടകയിനത്തിൽ 1806 രൂപയും ചെലവഴിച്ചു. മെഷർമെൻറ് ബുക്ക് പ്രകാരം വ്യത്യസ്ത ഭൂവുടമകളുടെ പ്രദേശത്ത് 4012 മീറ്റർ മൺബണ്ട് ചെയ്യേണ്ടിടത്ത്, സൈറ്റ് പരിശോധനയിൽ ഞങ്ങൾക്ക് അളക്കാൻ കഴിഞ്ഞത് 3240 മീറ്റർ ആണ്. ഒരു ഫയലിൽ ആകെ 14 ഉടമകളാണ് തൊഴിൽ അപേക്ഷിച്ചത്. സൈറ്റുകളിൽ എല്ലാ ഇടത്തും സജീവ തൊഴിലാളികളുടെ സ്ഥലങ്ങളിലും പ്രവർത്തി നടന്നതായി കാണാൻ കഴിഞ്ഞു. എല്ലാം ആവർത്തന സ്വഭാവമുള്ള പ്രവൃത്തിയായിരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും മുൻപ് സാങ്കേതിക ഉദ്യോഗസ്ഥർ പ്രവർത്തി സ്ഥലം സന്ദർശിക്കാറില്ല. വാർഡിലെ മേറ്റുമാർ ഉടമകളിൽ നിന്ന് അപേക്ഷ വാങ്ങി പഞ്ചായത്ത് എത്തിച്ചുകൊടുക്കാറാണ്. മാസ്റ്റർറോൾ പ്രകാരമുള്ള വേതനം തൊഴിലാളികളുടെ അക്കൗണ്ടിൽ വന്നിട്ടുണ്ട്. സീരിയൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നില്ല

## കല്ല് കയ്യാല നിർമാണം കണ്ണോത്ത് ഭാഗം 2

വർക്ക് കോഡ് :1604009005/WC/329865

പ്രവർത്തി നടന്നത് 28/11/2018 മുതൽ 16/12/2018 വരെ ആയിരുന്നു. 24 മസ്റ്ററോളുകളിലായി നടന്ന പ്രവർത്തി ആയിരുന്നു ഇത്. 73 തൊഴിലാളികൾ 18 ദിവസങ്ങളിലായി 1042 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. അടങ്കൽ തുകയായി 300000 രൂപ അനുവദിച്ച ഈ പ്രവർത്തിക്ക് വേതന ഇനത്തിൽ 282382 രൂപയും വാടക ഇനത്തിൽ 1866 രൂപയും ചിലവഴിച്ചു. മെഷർമെന്റ് ബുക്ക് പ്രകാരം 2386 മീറ്റർ കല്ല് കയ്യാലയാണ് വേണ്ടത്. എന്നാൽ ഫീൽഡ് പരിശോധനയിൽ 2161 മീറ്റർ ആണ് കാണാൻ കഴിഞ്ഞത്. ആവർത്തന സ്വഭാവമുള്ള പ്രവർത്തി ആയിട്ടാണ് തോന്നിയത്. ബാലചന്ദ്രൻ (KL-04-009-005-006/368)എന്ന ഭൂഉടമയുടെ സ്ഥലത്തെ പ്രവർത്തി മികച്ചതായി കാണാൻ കഴിഞ്ഞു. രാധ മരുതോറമ്മൽ (KL-04-009-005-006/313) എന്ന ഭൂഉടമയുടെ പ്രവർത്തി സ്ഥലത്തെ കല്ല് കയ്യാല ഇടിഞ്ഞ നിലയിലും കാട് മൂടി കിടക്കുന്ന രീതിയിലും ആയിരുന്നു.ആകെ 15 ഭൂ ഉടമകളുടെ അപേക്ഷ ആയിരുന്നു ഉള്ളത് അവിടെയും, സജീവ തൊഴിലാളികളുടെ വീട്ടിലും പ്രവർത്തി ചെയ്തതായി കാണാൻ കഴിഞ്ഞു.

## കുറ്റ്യാടി ഇറിഗേഷൻ കനാൽ -6/1

വർക്ക് കോഡ് :1604009005 /IE/321284

പ്രവൃത്തി :21/01/19 മുതൽ 7/2/19 വരെ 3 ഘട്ടത്തിൽ 23 മാസ്റ്റർ റോളുകൾക്കായി 72 തൊഴിലാളികൾ 15 ദിവസങ്ങളിൽ 909 തൊഴിൽ ദിനം സൃഷ്ടിച്ചു. അടങ്കൽ തുകയായി 261900 രൂപ ആയിരുന്നു. വേതന ഇനത്തിൽ 246339 രൂപയും വാടക ഇനത്തിൽ 678 രൂപയും ചിലവഴിച്ചു. പ്രവൃത്തി സ്ഥല സന്ദർശനത്തിൽ മനസിലായത്, പ്രവൃത്തി നല്ല രീതിയിൽ ചെയ്തെങ്കിലും പ്രളയത്തിന് ശേഷം കനാൽ വൃത്തിഹീനമായ അവസ്ഥയിൽ ആയിരുന്നു. സിന്ധു (KL-04-009-005-006/277) എന്ന ആളുമായി നടത്തിയ സംഭാഷണത്തിൽ നിന്ന് മനസിലായത്, ഈ പ്രവൃത്തിക്ക് സുരക്ഷ

സമഗ്രികൾ ഒന്നും ലഭിച്ചില്ല. മാറ്റ് സ്വന്തം കയ്യിൽ നിന്ന് പണം എടുത്ത് വാങ്ങലാണ്, അതിന്റെ ഒന്നും പണം ഇതുവരെ ലഭിച്ചിട്ടുമില്ല. മെഷർമെന്റ് ബുക്ക് പ്രകാരം 1557മീറ്റർ ആണ് എന്നാൽ കാണാൻ കഴിഞ്ഞത് 1400മീറ്റർ ആണ്.

പഞ്ചായത്ത് സൂക്ഷിക്കേണ്ട **7 രജിസ്റ്ററുകളും** അവയിലെ കണ്ടെത്തലുകളും

**1 )തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ**

പഞ്ചായത്തിൽ രണ്ട് തരത്തിലുള്ള തൊഴിൽ കാർഡ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നു. എം ഐ എസിൽ നിന്നും ലഭിക്കുന്ന പകർപ്പിൽ തൊഴിലാളികളുടെ ഫോട്ടോ ലഭ്യമായിരുന്നില്ല.

**2)ഗ്രാമസഭ രജിസ്റ്റർ**

തൊഴിലുറപ്പ് ഗ്രാമസഭ മിനിട്സും, പൊതു ഗ്രാമസഭാ മിനിട്സും ഒരേ രജിസ്റ്ററിൽ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.പൊതു ഗ്രാമസഭയിലെ ഒരു അജണ്ടയായി മാത്രമാണ് തൊഴിലുറപ്പ് പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നത്.

**3) തൊഴിൽ ആവശ്യപ്പെട്ടത് തൊഴിൽ നൽകിയതുമായിട്ടുള്ള രജിസ്റ്റർ**

ഡിമാൻഡ് അലോക്കേഷൻ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നു. എങ്കിലും ഈ സാമ്പത്തിക വർഷത്തിലെ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയതായി കാണുന്നില്ല.

**4 )വർക്ക് രജിസ്റ്റർ**

വർക്ക് രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നു.

**5)ആസ്തി രജിസ്റ്റർ**

ആസ്തി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നു. എന്നാലും ഈ സാമ്പത്തികവർഷത്തെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

**6) മെറ്റീരിയൽ രജിസ്റ്റർ**

മെറ്റീരിയൽ രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നു.

**7) പരാതി രജിസ്റ്റർ**

പരാതി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നു. എന്നാലും പരാതികൾ ഒന്നും തന്നെ രേഖപ്പെടുത്തിയതായി കാണുന്നില്ല.

കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെ പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്

കൂത്താളി പഞ്ചായത്ത് വാർഡ് 6 ലെ 12 ഫയൽ പരിശോധനയിൽ അറിയാൻ സാധിച്ചത്,

## 1) കവർ പേജ്

12 ഫയലിലും കവർ പേജ് കാണാൻ സാധിച്ചില്ല.

## 2) ചെക്ക് ലിസ്റ്റ്

ഒരു ഫയലിലും കാണാൻ സാധിച്ചില്ല.

## 3) ആക്ഷൻ പ്ലാൻ

ഒരു ഫയലിലും ഇല്ലായിരുന്നു.

## 4) സാങ്കേതിക എസ്റ്റിമേറ്റ് ഡിസൈൻ അടങ്ങുന്ന സാങ്കേതിക അനുമതി കോപ്പി

WC/328578(മണ്ണ് കയ്യാല നിർമാണം ) എന്ന ഫയലിൽ ഒഴികെ ബാക്കി എല്ലാ ഫയലിലും ഡീറ്റൈൽഡ് എസ്റ്റിമേറ്റ് കാണാൻ കഴിഞ്ഞു.

## 5) ഭരണാനുമതി കോപ്പി

WC/328578 എന്ന ഫയലിൽ ഒഴികെ മറ്റ് എല്ലാ ഫലിലും കാണാൻ സാധിച്ചു.

**6) സാങ്കേതിക അനുമതി കോപ്പി**

WC/328578 എന്ന ഫയലിൽ ഇല്ല, ബാക്കി എല്ലാ ഫയലിലും ഉണ്ട്. എന്നാലും അധിക ഫയലിലും ഭരണാനുമതി നൽകിയ അധികൃതർ, അനുബന്ധ ചിലവുകൾ, ഏതിനം പ്രവർത്തി, പ്രവർത്തി നടന്ന സ്ഥലം,എന്നിവ രേഖപെടുത്തതായും കാണാൻ സാധിച്ചു.

**7)സംയോജിത പദ്ധതിവിശാദംശങ്ങൾ**

എല്ലാ ഫയലിലും കാണാൻ സാധിച്ചു.

**8) തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ**

എല്ലാ ഫയലിലും കാണാൻ സാധിച്ചു.

**9) തൊഴിൽ അനുവദിച്ചു കൊണ്ടുള്ള രേഖയുടെ കോപ്പി**

ഒരു ഫയലിലും ഇല്ലായിരുന്നു.

**10) പൂരിപ്പിച്ച മാസ്റ്ററോളിന്റെ കോപ്പി**

എല്ലാ ഫയലിലും മാസ്റ്റർ റോൾ കാണാൻ സാധിച്ചു. അധിക ഫയലിലും എം ബുക്ക് നമ്പർ, പേജ് നമ്പർ, ഡെയിലി അറ്റന്റൻസ് ഉള്ള തീയതി എന്നിവ രേഖപെടുത്താത്തതായി കാണാൻ കഴിഞ്ഞു.

**11) മെഷർ മെന്റ് ബുക്കിന്റെ കോപ്പി**

എം ബുക്ക് എല്ലാ ഫയലിലും ഉണ്ടായിരുന്നു.

**12) സാധനങ്ങൾ വാങ്ങുന്നതിനുള്ള കൊട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റിവ് സ്റ്റേറ്റ്മെന്റിന്റെയും മെറ്റീരിയൽ സപ്ലൈ ഓർഡറിന്റെയും കോപ്പി**

12 ഫയലിലും കാണാൻ സാധിച്ചില്ല.

**13) വേജ് ലിസ്റ്റ്**

എല്ലാ ഫയലിലും പ്രാദേശിക മായിട്ടുള്ള വേജ് ലിസ്റ്റ് കാണാൻ സാധിച്ചു.

**14) വേതനത്തിന്റെയും സാധനങ്ങൾക്ക് പണം അടച്ചതിന്റെയും എഫ് ടി ഒ യുടെയും കോപ്പി**

12 ഫയലിലും പ്രാദേശികമായി കാണാൻ സാധിച്ചു.

**15) മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി**

ഒരു ഫയലിലും കാണാൻ കഴിഞ്ഞില്ല.

**16) റോയലിറ്റി അടച്ച രസീതിന്റെ കോപ്പി**

ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

**17) തൊഴിലിന്റെ 3 ഘട്ടത്തിൽ ഉള്ള ഫോട്ടോകൾ**

ഫോട്ടോ ഗ്രാഫുകൾ ഒന്നും തന്നെ കാണാൻ സാധിച്ചില്ല.

**18) പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് കോപ്പി**

പൂർത്തീകരണ സർട്ടിഫിക്കറ്റ് ഒന്നും തന്നെ ഉണ്ടായിരുന്നില്ല.

**19) മാസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്**

എല്ലാ ഫയലിലും ഉണ്ടായിരുന്നു.

**20) ആസ്തിയുടെ ജിയോ ടാഗ് ഫോട്ടോകൾ**

ഫോട്ടോ ഒന്നും തന്നെ ഉണ്ടായിരുന്നില്ല.

**21) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ. കോപ്പി**

കാണാൻ കഴിഞ്ഞില്ല.

**22) സൈറ്റ് ഡയറി**

എല്ലാ ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്നു. എന്നിരുന്നാലും ചില ഫയലിൽ എ.എസ് നമ്പർ, ടി. എസ് നമ്പർ, ഏതിനം പ്രവർത്തി, എസ്റ്റിമേറ്റ് തുക, പ്രവർത്തി ആരംഭിച്ചതും,

അവസാനിച്ചതും ആയ തിയ്യതി, ചെക്ക് ലിസ്റ്റ്, എന്നിവ പൂരിപ്പിക്കാതെ കാണാൻ കഴിഞ്ഞു.

] **അനുബന്ധം**

തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്തു നടത്താവുന്ന പ്രവർത്തികൾ

**വിഭാഗം എ :**

പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവർത്തികൾ

1. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ , മൺ തടയണകൾ, അണകൾ ചെക്ക് ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും ജല കൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ

2. ഒരു നീർതടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകളായ കൊണ്ടൂർ ട്രെഞ്ചുകൾ, തട്ട് തിരിക്കൽ, കോണ്ടൂർ വണ്ടുകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവർത്തികൾ .

3. സൂക്ഷ്മ ചെറുകിട ജലസേചന പ്രവർത്തികളും തോടുകൾ /കനാൽ എന്നിവയുടെ നിർമാണം, പുനരുദ്ധാരണം, മെയിന്റൻസ് എന്നീ പ്രവർത്തികളും.

4. ജലസേചന കുളങ്ങളുടെയും മറ്റു ജലസ്രോതസ്സുകളെയും ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും

5. കടലോരങ്ങളും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും, വന ഭൂമിയിലും മറ്റ് പൊതു ഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വെച്ചു പിടിപ്പിക്കലും വനവൽക്കരണവും.

7.പൊതു ഭൂമിയിലെ ഭൂവികസന പ്രവർത്തികൾ.

**വിഭാഗം ബി**

* വാർഡിൽ ഉൾപ്പെടുന്ന നാല് പൊതു കിണറുകളുടെ നവീകരണം, റീചാർജ്

*വനാതിർത്തിയോട് ചേർന്നുള്ള പുരയിടങ്ങളിൽ ഉപകാരപ്രദമാകുന്ന ജൈവ നിർമ്മാണം.

* തോടിനോട് ചേർന്ന് താമസിക്കുന്നവർക്ക് നീരുറവ സംരക്ഷണം സാധ്യമാകുന്ന പ്രവർത്തനങ്ങൾ

*പൊതു-സ്വകാര്യ കുളങ്ങളുടെ നവീകരണം.

**വിഭാഗം സി**

* ആട്ടിൻ കൂട്. കോഴിക്കൂട്, പശു തൊഴുത്ത് നിർമ്മാണം.

* മത്സ്യക്കുളം നിർമ്മാണം.

**വിഭാഗം ഡി**

* സ്വയം സഹായ സംഘങ്ങൾക്ക് കൂട്ടുകൃഷി നിലമൊരുക്കൽ, അംഗൻവാടി, സ്കൂൾ, ചുറ്റുമതിൽ നിർമ്മാണം.

## <u>നിർവഹണ ഉദ്യോഗസ്ഥർക്കുള്ള നിർദ്ദേശം</u>

## ബി. ഡി.ഒ

*മസ്റ്റർറോളിൽ ബി. ഡി. ഒ ഒപ്പും സീലും പതിപ്പിക്കുന്നതിനോടൊപ്പം തിയ്യതിക്കൂടി ഇടുവാൻ ശ്രദ്ധിക്കേണ്ടതാണ്.

*അക്കൗണ്ടൻറ്, എ.ഇ അക്രെഡിറ്റഡ് എഞ്ചിനീയർ, ഓവർസിയർ, മേറ്റ്മാർ എന്നിവർക്ക് അവരുടെ ചുമതലകൾ കുറിച്ചും ഉത്തരവാദിത്തങ്ങളെ കുറിച്ചും ഏറ്റെടുത്ത് നടപ്പിലാക്കാൻ സാധിക്കുന്ന പ്രവർത്തികളെ കുറിച്ചും മതിയായ ട്രെയിനിങ് കൊടുക്കുക.

* ബി. ഡി. ഒ കഴിയുന്ന സമയങ്ങളിൽ തൊഴിലാളികളെയും തൊഴിൽ സ്ഥലങ്ങളും സന്ദർശിക്കുന്നത് ഗുണകരമായിരിക്കും.

## സെക്രട്ടറി /അസിസ്റ്റൻറ് സെക്രട്ടറി

മാസ്റ്റർ റോളിൽ ഒപ്പിനും സീൽ നും ഒപ്പം തീയതി കൂടി ചേർക്കാൻ ശ്രദ്ധിക്കുക.

*7 രജിസ്റ്ററുകൾ., എം ബുക്ക് എന്നിവ സാക്ഷ്യപ്പെടുത്തി ആധികാരത ഉറപ്പുവരുത്തുക.

* തൊഴിലാളികളുടെ അവകാശങ്ങൾ,അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുക.

* ചികിത്സാ ചെലവ് കൃത്യമായി അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുക *ഏറ്റെടുത്ത നടപ്പിലാക്കുവാൻ സാധിക്കുന്ന വർക്കുകൾക്ക് അനുസൃതമായ ഷെൽഫ്ഓഫ് പ്രൊജക്റ്റ് കണ്ടെത്തി വെക്കുക.

* വിജിലൻസ് അലി മോണിറ്ററിങ് കമ്മിറ്റിയെ ശക്തിപ്പെടുത്തുക. ആറുമാസത്തിലൊരിക്കൽ പുന:സം ഘടിപ്പിക്കുകയും ചെയ്യുക.

## അക്കൗണ്ടൻറ് /ഡി. ഇ .ഒ / എ. ഇ /ഓവർസിയർ

* വർക്ക് ഫയലുകളിൽ അനുവൽ മാസ്റ്റർ സർക്കുലറിൽ പറയുന്ന പ്രകാരമുള്ള 22 ഡോക്യുമെൻററി ഉണ്ടെന്ന് ഉറപ്പുവരുത്തി പ്രവർത്തികൾ തയ്യാറാക്കുക.

*സൈറ്റ് ഡയറി വ്യക്തമായി എഴുതി സൂക്ഷിക്കുന്നതിനും മേറ്റ്മാർക്ക് നിർദ്ദേശം നൽകുക.

*മസ്റ്റർറോൾ തൊഴിൽ ഇടങ്ങളിലെത്തിച്ച് പ്രൊജക്റ്റ് ഇനിഷ്യറ്റിവ് മീറ്റിംഗ് കൂടി പണി ആരംഭിക്കുന്നതിന് സഹായിക്കുക.

* കൃത്യമായ ഇടവേളകളിൽ തൊഴിലിടം സന്ദർശിച്ച തൊഴിൽ ആണെന്ന എം ബുക്കിൽ രേഖപ്പെടുത്തുക.

*ഡിമാൻഡ് അനുസരിച്ച് തൊഴിൽ നൽകുക.

* തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യം നൽകുക.

## ഡാറ്റാ എൻട്രി ഓപ്പറേറ്റർ

മാസ്റ്റർ റോൾ വിതരണത്തിന് സഹായിക്കുക. പൂർത്തിയായ മാസ്റ്റർ റോളുകൾ മേറ്റിൽ നിന്നും ശേഖരിച്ച് വർക്ക് ബില്ലുകൾ പൂർത്തീകരിച്ച് വേതന വിതരണത്തിന് നടപടി സ്വീകരിക്കുക. രജിസ്റ്ററുകൾ സൂക്ഷിക്കുക. തൊഴിലാളികളുടെ വേതനം( ഡി.ബി.ഡി) മുഖേന എന്ന് ഉറപ്പുവരുത്തുക.

## മേറ്റ്

*മാസ്റ്റർ റോൾ കൃത്യമായി ഒപ്പുവെപ്പിക്കുക

*ഹാജരാകാത്തവരുടെ വിവരം അടയാളപ്പെടുത്തുക.

*മസ്റ്റർറോളിൽ തൊഴിൽ ദിനങ്ങളുടെ തിയ്യതി അടയാളപ്പെടുത്തുക.

*സൈറ്റ്ഡയറി പൂർണമായി പൂരിപ്പിക്കുക.

*തൊഴിൽ സൈറ്റുകളിൽ വെച്ച് അപകടം നടന്നിട്ടുണ്ടെങ്കിൽ ഡയറിയിൽ എഴുതുകയും നിർവഹണ ഉദ്യോഗസ്ഥരെ അറിയിക്കുകയും ചികിത്സ ഉറപ്പാക്കുകയും ചെയ്യുക.

*നിശ്ചിത അളവിലും ഗുണനിലവാരത്തിലും ജോലി ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

## പഞ്ചായത്തിനോട്

* കൃത്യമായ ഇടവേളകളിൽ ഗ്രാമസഭ,സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ എന്നിവ നടത്തുക.

* കൂടുതൽ പദ്ധതികളും മണ്ണ് കയ്യാല, കല്ല് കയ്യാല ആണ് ചെയ്തിരിക്കുന്നത്. സ്ഥിര ആസ്തി ഉണ്ടാകുന്ന പ്രവർത്തികൾ തിരഞ്ഞെടുക്കുക.

* കൃഷി സംബന്ധമായ പദ്ധതികൾ തിരഞ്ഞെടുക്കുമ്പോൾ പഞ്ചായത്തിന് കൈമാറിക്കിട്ടിയ ഘടനസ്ഥാപനമായ കൃഷിഭവനുമായി ആലോചിച്ച് സംയോജിത പദ്ധതികൾ ഏറ്റെടുത്തു നടത്തുക.

*വിദ്യാലയങ്ങൾക്ക് കളിസ്ഥലം, ചുറ്റുമതിൽ എന്നിവ നിർമ്മിച്ച് നൽകുക.

*ദേശീയ ഉപജീവന മിഷന്റെ സഹായത്തോടെ മെച്ചപ്പെട്ട രീതിയിൽ ഉള്ള തൊഴിൽ പരിശീലനം നൽകി കുറച്ചു തൊഴിലാളികളെ വിദഗ്ദ്ധ /അർദ്ധ വിദഗ്ദ്ധ തൊഴിലാളികളാക്കി മാറ്റുക

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട് ആറാം വാർഡ്

കൂത്താളി ഗ്രാമപഞ്ചായത്ത് ആറാം വാർഡ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 26/11/2019 ന് 3.30 ന് കണ്ണോത്ത് സ്കൂളിൽ വച്ച് നടന്നു. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ ആറാം വാർഡ് മെമ്പർ ഹസ്സൻകുട്ടി, ഓവർസിയർ, അക്കൗണ്ടന്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ആറാം വാർഡിലെ 197 തൊഴിലുറപ്പ് തൊഴിലാളികൾ വി.ആർ.പി മാർ എന്നിവർ പങ്കെടുത്തു.

സ്വാഗതം : വാർഡ് മെമ്പർ ഹസ്സൻകുട്ടി

അദ്ധ്യക്ഷൻ : ആറാം വാർഡ് തൊഴിലാളി ഗീത

പ്രതിജ്ഞ : അശ്വിനി കെ വത്സൻ

ആമുഖം : ഷബീന

റിപ്പോർട്ട്

അവതരണം : ഷിബീന

നന്ദി : ഗീത

## <u>ഗ്രാമസഭയിൽ വന്നിട്ടുള്ള നിർദ്ദേശങ്ങൾ, വിശദീകരണങ്ങൾ തീരുമാനങ്ങൾ.</u>

തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ തൊഴിലാളികളുമായി നടത്തിയ ചർച്ചയിൽ തൊഴിലാളികൾ ചോദിച്ച ചോദ്യങ്ങളും അതിനുള്ള മറുപടിയും താഴെ കൊടുക്കുന്നു. ചർച്ച

1) ലീല (KL-04-009-005-006-151):-9 മണിക്ക് തന്നെ എല്ലാവരും പ്രവർത്തി സ്ഥലങ്ങളിൽ എത്തിച്ചേരുന്നില്ല അനുവദനീയമാണോ?

2) നാരായണി(KL-04-009-005-006/33):-പറമ്പുകളിൽ തൊഴിലുറപ്പ് ചെയ്യാൻ പറ്റുമോ?

3)ബിന്ദു(KL- 04-009-005-006/33):- വേതനം ഇതുവരെ ലഭിച്ചിട്ടില്ല.

4) അമ്മാളു (KL-04-009-005-006/81):- 39 തൊഴിൽദിനങ്ങൾ മാത്രമേ ലഭിക്കുന്നുള്ളൂ.

5) സുമതി(KL-04-009-005-006/92):- മഴക്കുഴി ആണ് എല്ലാ വർഷവും പോകുന്നത് എല്ലാ പ്രാവശ്യവും ഈ മഴക്കുഴി കുഴിക്കുന്നത് ശരിയായ പ്രവർത്തി ആണോ? തെങ്ങിൻ തടം തുറക്കൽ അതുപോലെ മറ്റു പ്രവൃത്തികൾ തൊഴിലുറപ്പിൽ ഉൾപ്പെടുത്തേണ്ടതല്ലേ?

6 ) നാരായണൻ (KL-04-009-005-006/33):- കാലാവസ്ഥയ്ക്ക് അനുസൃതമായ പണി ലഭിക്കുന്നില്ല.

7) ശാന്ത (KL-04-009-005-006/223):- ലഭ്യമാകുന്നത് വാർഡിൽ കുറവാണ്.

8) ആയിഷ (KL-04-009-005-006/30):- തൊഴിൽ അപേക്ഷക്കുള്ള അപേക്ഷ ഫോമിനോടൊപ്പം നികുതി ഷീട്ട് വെക്കേണ്ടത് നിർബന്ധമാണോ

9) നിഷ (KL-04-009-005-006/14):-ഫസ്റ്റ് എയ്ഡ് ബോക്സ്, കുടിവെള്ളം, എന്നിവ പ്രവർത്തി സ്ഥലത്ത് ലഭ്യമാകുന്നില്ല.

10) വത്സല(KL-04-009-005-006/207):-വി.എം. സി ക്കാരെക്കുറിച്ച് ഒരു അറിവുമില്ല.

11) സരോജിനി (KL- 04-009-005 006/111):- കൃത്യസമയത്ത് ലഭ്യമാകുന്നില്ല. അതിന് എവിടെയാണ് അപേക്ഷ കൊടുക്കേണ്ടത്.

12) കുഞ്ഞമ്മദ്(KL-04-009-005-006/111):-സ്ഥലം കുറഞ്ഞവർക്കും മഴക്കുഴി കൂടുതൽ കുഴിക്കുന്നു. കുഴികൂടുതലായതുകൊണ്ട് ഹെൽത്തിൽ നിന്നും ആളുകൾ വന്നു കൊതുക് പെരുകാൻ കാരണമാകുന്നു എന്ന് പറഞ്ഞു ഞാൻ പറയുന്നു.

## മറുപടി

ഓവർസിയർ ആയ സജിന ചർച്ചയ്ക്കുള്ള മറുപടി നൽകി.

* വേതനം ലഭ്യമാക്കാൻ കാലതാമസം എടുക്കുന്നത് ഫ്രണ്ടിൻറെ അപര്യാപ്തത മൂലമാണ്

* 9 മണിക്ക് തൊഴിലാളികൾ സൈറ്റിൽ എത്തുന്നു എന്ന് ഉറപ്പ് വരുത്തേണ്ടത് മേറ്റ് മാരുടെ കർത്തവ്യമാണ് ഓവർസിയർ എ.ഇ എന്നിവർ സൈറ്റ് സന്ദർശിക്കുമ്പോൾ സൈറ്റിൽ ഇല്ലാത്ത തൊഴിലാളികളുടെ പേര് മസ്റ്റർറോളുകളിൽ നിന്ന് വെക്കാറുണ്ട്. *തെങ്ങു തുറക്കുന്നത് അനുവദിനീയമായ പ്രവർത്തിയല്ല.

* ഒരു വീട്ടിൽ തന്നെ കുറെ മഴക്കുഴികൾ എടുക്കാൻ പഞ്ചായത്തിൽ നിന്നും ആരും നിർദ്ദേശിച്ചിട്ടില്ല.അത് മേറ്റ്മാരുടെയും തൊഴിലാളികളുടെയും ഇഷ്ടത്തിന് ചെയ്യുന്നതാണ്.

*തൊഴിൽ കാർഡിന്റെ ലഭ്യതക്കുറവാണ് തൊഴിൽ കാർഡ് ലഭിക്കാൻ വൈക്കുന്നത്.

*അപേക്ഷയോടൊപ്പം നികുതി ഷീറ്റ് നിർബന്ധമായും വയ്ക്കേണ്ടതാണ്.

*എല്ലാ പ്രവർത്തികൾക്കും ഫസ്റ്റ് ഐഡ് ബോക്സ് ലഭ്യമാകാത്തത് സൈറ്റുകളും, തൊഴിലാളികളും ഇപ്പോൾ കൂടുതൽ ആയതുകൊണ്ടാണ് എല്ലായിടങ്ങളിലും എത്തിക്കാനുള്ള ബുദ്ധിമുട്ടുള്ളതു കൊണ്ടാണ് ലഭിക്കാത്തത്.

* തൊഴിലാളികൾ ആറാം വാർഡിൽ  കൂടുതൽ ആയതുകൊണ്ടാണ് തൊഴിൽ ദിനങ്ങൾ കുറവ് ആകുന്നത്.

* പ്രോജക്ട് മീറ്റിംഗിൽ ഓവർസിയർ എന്നിവർക്ക് വരാൻ കഴിയാത്തത് പഞ്ചായത്തിൽ കൂടുതൽ വർക്ക് ഉള്ളത് കൊണ്ടാണ്, എല്ലായിപ്പോഴും എല്ലാ വാർഡുകളിലും പങ്കെടുക്കാൻ പറ്റില്ല.